LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂലമറ്റം പവർ ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ടർബൈൻ, ജനറേറ്റർ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ പ്രധാന സാമഗ്രികളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും ചെയ്തുവരുന്നു.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മൂലമറ്റം പവർ ഹൗസിലെ ജീവനക്കാരുടെ സുരക്ഷയ്ക്കായി സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ ഉപകരണങ്ങൾ, അഗ്നിശമന പ്രഥമ ശ്രുശ്രൂഷാ കിറ്റുകൾ എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സേഫ്റ്റി കമ്മിറ്റി, സുരക്ഷാ അവലോകന മീറ്റിംഗുകൾ, മോക് ഡ്രില്ലുകൾ എന്നിവ സംഘടിപ്പിക്കുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് ഇവ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പവർ ഹൗസ് പ്രവർത്തിക്കുന്നത്.

വൈദ്യുതിക്ഷാമം

33 (378) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിക്ഷാമം നിലവിലുണ്ടോ ;

(ബി) വൈദ്യുത ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ ;

(സി) നിലവിൽ പവർ കട്ടോ, ലോഡ് ഷെഡ്ഡിംഗോ പ്രഖ്യാപിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാർജ് വർദ്ധനവിലൂടെ എത്ര കോടി രൂപയാണ് കെ.എസ്.ഇ.ബി.-ക്ക് അധികമായി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2015 മെയ് മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 37.05 ദശലക്ഷം യൂണിറ്റാണ്. ഈ അന്തരം കേന്ദ്ര വിഹിതവും മറ്റ് സ്രോതസ്സുകൾവഴി വാങ്ങുന്ന വൈദ്യുതിയും കൊണ്ടാണ് നികത്തുന്നത്.

(സി) ഇല്ല.

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ 2012 ജൂലായ് ഒന്നുമുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 130 കോടി രൂപയുടെയും 2013-14-ലെ താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 54 കോടി രൂപയുടെയും 2014-15-ലെ താരിഫ് വർദ്ധനവിലൂടെ (16-8-2014 മുതൽ) പ്രതിമാസം 80 കോടി രൂപയുടെയും അധികവരുമാനം ഉണ്ടായിട്ടുണ്ട്.

വൈദ്യുതി വിതരണം

34 (379) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വിതരണ രംഗത്ത് എത്ര കണക്ഷനുകൾ നൽകിയെന്ന് പറയാമോ ;

(ബി) ഈ കാലയളവിൽ എത്ര വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എത്ര കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇക്കാലയളവിൽ നിർമ്മിച്ച ഹൈടെൻഷൻ ലൈനുകളുടെയും ലോ ടെൻഷൻ ലൈനുകളുടെയും നീളം എത്ര ; വിശദമാക്കാമോ ;

(ഡി) 2006 മുതൽ 2011 മേയ്വരെ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 30-4-2015-ലെ കണക്കുകൾ പ്രകാരം 16,41,515 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) 30-4-2015-ലെ കണക്കുകൾ പ്രകാരം 13,664 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 30,76,807 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 30-4-2015-ലെ കണക്കുകൾ പ്രകാരം 7825 കി.മീ. 11 കെ.വി. ലൈനും 15645 കി.മീ. എൽ.റ്റി ലൈനും നിർമ്മിച്ചിട്ടുണ്ട്.

(ഡി) 2006 മുതൽ 2011 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 22,56,237 വൈദ്യുതി കണക്ഷനുകൾ നൽകുകയും 20455 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 32,64,068 കേടായ മീറ്റർ മാറ്റി സ്ഥാപിക്കുകയും 13612 കി.മീ. 11 കെ.വി. ലൈൻ, 37622 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly